**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ഡോ സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>മീറ്ററിങ്ങുകളും ബില്ലിങ്ങും കളക്ഷനും 100% ത്തിൽ എത്തിക്കുക.<br><br>ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനും പാരമ്പര്യേതര ഊർജ്ജ ഉപഭോഗം കൂട്ടുക.<br><br>പദ്ധതികളുടെ സമയ ബന്ധിത പൂർത്തീകരണത്തിന് നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക, പദ്ധതികളുടെ പുരോഗതി കൃത്യമായി മോണിറ്റർ ചെയ്യുക.<br><br>ജീവനക്കാരുടെ തൊഴിൽ നൈപുണ്യം വർധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക.<br><br>വാട്ടർ സപ്ലൈ സ്കീമുകൾ വിശദമായ ഓഡിറ്റിംഗ് നടത്തി നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നവീകരിക്കുക. |
| (ബി) | സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉയർന്നു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, സാങ്കേതിക വിഭാഗത്തിലെ തസ്തികകൾ കാലാനുസൃതമായി മാറ്റുന്നതിനുമായി വൈജ്ഞാനിക ഭരണപരിഷ്കാരവുമായി ബന്ധപ്പെട്ട സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ജല അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (സി) | എസ്.ആർ.ഐ സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 69 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21, 2021-22 കാലയളവിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളുടെയും 32 ഉപജില്ലാ ലാബുകളുടെയും കൂടാതെ അധികമായി സ്ഥാപിച്ച 37 ഉപജില്ലാ ലാബുകളുടെയും നവീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ പാലാ, കാരഡ്ക്ക എന്നീ രണ്ട് ഉപജില്ലാ ലാബുകൾ ഒഴികെ മറ്റ് എല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണ നിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഗുണ നിലവാര പരിശോധനാ ലാബുകൾക്ക് പുറമെ ഓരോ ജില്ലയിലേയും പഞ്ചായത്തടിസ്ഥാനത്തിൽ കുടുംബശ്രീ വഴി വനിതകൾക്ക് ഫീൽഡ് ടെസ്റ്റ് കിറ്റ് (എഫ്.റ്റി.കെ) ഉപയോഗിച്ച് ജല ഗുണ നിലവാര പരിശോധനയ്ക്കുള്ള പരിശീലനം നൽകുകയും ജല സാമ്പിളുകൾ പഞ്ചായത്തടിസ്ഥാനത്തിൽ പരിശോധന നടത്തി പ്രസ്തുത പരിശോധന ഫലം കേന്ദ്ര ജല ശക്തി മന്ത്രാലയത്തിന്റെ ഓൺലൈൻ പോർട്ടലായ ഇ-ജൽ ശക്തി പോർട്ടലിൽ യഥാസമയം രേഖപ്പെടുത്തി വരുകയും ചെയ്യുന്നു. |
| (ഡി) | പുതുതായി പ്രവർത്തനമാരംഭിച്ച ഗുണപരിശോധനാ ലാബുകൾ പൂർണ്ണമായും കാര്യക്ഷമമായിട്ടുണ്ടോ; അതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പുതുതായി ആരംഭിച്ച 37 ഉപജില്ലാ ലാബുകളിലും ജൈവ മാലിന്യ പരിശോധന ഒഴികെയുള്ള ബാക്കി എല്ലാ പ്രവർത്തനങ്ങളും പൂർണമായും സജ്ജമാക്കിയിട്ടുണ്ട്. പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ